## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 172 08-12-2014-ൽ മറുപടിയ്ക്ക്

### മദ്യ നയം

**ചോദ്യം:**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. സി. മമ്മൂട്ടി
ശ്രീ.കെ.എം. ഷാജി
ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യനയം കർശനമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. മദ്യത്തിന്റെ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മദ്യനയം കർശനമായി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി 2014-15 വർഷത്തിലെ അബ്കാരി നയത്തിലൂടെ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദുചെയ്യുന്നതിനും, എഫ്.എൽ1 ഷോപ്പുകളുടെ എണ്ണം ഓരോ വർഷവും 10% കണ്ടു കുറയ്ക്കുന്നതിനും, എല്ലാ ഞായറാഴ്ചകളും ഡ്രൈഡേ ആക്കുന്നതിനും സർക്കാർ തീരുമാനമെടുക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച കോടതിയുടെ മുമ്പിലുള്ള കേസുകളിൽ തീർപ്പുണ്ടാകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന് മുമ്പാകെ മദ്യനയത്തിനെതിരെ ഉണ്ടായ കേസ്സ് ഇതിനകം തീർപ്പു കൽപ്പിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നയത്തിൽ നിന്നും വ്യത്യസ്തമായി 4 സ്റ്റാർ/ഹെറിറ്റേജ് ഹോട്ടലുകൾക്ക് പ്രവർത്തനാനുമതി നൽകിയ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട |

| | | | |
|---|---|---|---|
| | | | ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുൻപാകെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 4 സ്റ്റാറിനു താഴെ നിലവാരമുള്ള ഹോട്ടലുകളും പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ ഇപ്പോൾ വാദം നടന്നുവരുകയാണ്. |
| (സി) | മദ്യനയം പരാജയമാണെന്ന് വരുത്തി ത്തീർക്കാൻ മദ്യ ലോബി നടത്തുന്ന തായി പറയപ്പെടുന്ന വിദ്ധ്വംസക പ്രവർത്തനങ്ങളും സ്പിരിറ്റു കടത്തും മുൻകൂട്ടി കണ്ട് നടപടിയെടുക്കു ന്നതിനും ഇക്കാര്യത്തിൽ സ്ത്രീ ജനങ്ങളുടെ കൂട്ടായ്മകളുടെ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരി ക്കുമോ ? | (സി) | സംസ്ഥാനത്ത് മദ്യനയം നടപ്പിലാക്കുന്നതിനായി മുഴുവൻ ജനങ്ങളുടെയും സഹകരണം ഉറപ്പുവരുത്തിക്കൊണ്ടുതന്നെയാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. വ്യാജമദ്യവും സ്പിരിറ്റ് കടത്തും തടയുന്നതിന് എൻഫോഴ്സ് മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ